## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1818 — 17.12.2012 - ലെ മറുപടിക്ക്

### കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ | | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | കേരളാ സബോർഡിനേറ്റ് സർവ്വീസ് റൂൾ 15 A, B എന്നിവ പ്രകാരം പി.എസ്.സി. നിയമനങ്ങളിൽ സംവരണമുള്ള കാറ്റഗറിയിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ രണ്ടിൽ കുറയാത്ത തവണ പ്രസ്തുത വിഭാഗക്കാർക്ക് മാത്രമായുള്ള എൻ.സി.എ. നോട്ടിഫിക്കേഷൻ നടത്തണമെന്ന റൂളിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത സംവരണ കാറ്റഗറിയിൽ യോഗ്യരായവരുടെ അഭാവം കാരണം രണ്ട് എൻ.സി.എ. നോട്ടിഫിക്കേഷന് ശേഷവും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ മറ്റ് സംവരണ വിഭാഗക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | എൻ.സി.എ. വിജ്ഞാപനങ്ങൾ പ്രകാരം ഒരു സമുദായത്തിൽ നിന്നും അനുയോജ്യരായ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്ത പക്ഷം, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസിലെ ചട്ടം 15 (എ) യിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ലഭ്യമായ മറ്റു പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. മറ്റ് പിന്നോക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലഭ്യമായ പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതും അവരുടെയും അഭാവത്തിൽ ലഭ്യമായ പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പ് നടത്തേണ്ടതുമാണ്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നീക്കി വച്ചിട്ടുള്ള ഊഴങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിന് അനുയോജ്യരായ ഉദ്യോഗാർത്ഥികൾ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും ലഭ്യമല്ലെങ്കിൽ. |

പ്രസ്തുത ടേൺ നിലവിലുള്ള വ്യവസ്ഥ പ്രകാരം [ചട്ടം 15 (ബി)] മറ്റ് വിഭാഗങ്ങൾക്ക് മാറ്റികൊടുക്കാവുന്നതല്ല. തുടർച്ചയായ എൻ.സി.എ. വിജ്ഞാപനങ്ങൾക്കുശേഷവും നിശ്ചിത സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യം പബ്ലിക് സർവ്വീസ് കമ്മീഷൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**